ഉത്തരം

(എ) ഏകദേശം 77 കോടി രൂപാ വേണ്ടി വരും.

(ബി, സി) ഈ ആവശ്യത്തിലേക്ക് ഒരു പ്രത്യേക അപ്പീൽ നടത്തിയിയിട്ടുണ്ട്. പുറമേ കെയറിൽ നിന്ന് സഹായധനം ലഭ്യമാക്കുവാൻ ഇന്ത്യാ ഗവൺമെൻറിനോടാവശ്യപ്പെട്ടിട്ടുണ്ട്.

അറബി ഭാഷ വ്യാപകമായി പഠിപ്പിക്കുവാൻ സംവിധാനം

702 [1025] ശ്രീ. കെ. പി. നൂറുദ്ദീൻ:
ശ്രീ. എൻ. പി. മൊയ്തീൻ:

(എ) കേരളത്തിൽ നിന്ന് അറബി രാജ്യങ്ങളിലേയ്ക്ക് കുടിയേറ്റം ഗണ്യമായി തോതിൽ ജനങ്ങളും മുമ്പത്തെപ്പോലെ തന്നെ നിലക്ക് അറബി ഭാഷ വ്യാപകമായി പഠിപ്പിക്കുവാൻ ആവശ്യമായ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അറബി ഭാഷ വ്യാപകമായി പഠിപ്പിക്കുവാൻ ഇപ്പോഴത്തെ സംവിധാനം നിലവിലുണ്ട്.

(ബി) 'എ'യുടെ ഉത്തരത്തിൽ ചോദ്യം ഉദിക്കുന്നില്ല.

703 [1026] ശ്രീ. കെ. പി. നൂറുദ്ദീൻ:
ശ്രീ. സുന്ദരയ്യർ:

താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഇപ്പോഴത്തെ മോഡൽ സ്കൂളുകൾ ഉണ്ട്; എവിടെയെല്ലാം;

(ബി) ഈ മോഡൽ സ്കൂളുകളിൽ സമുദായത്തിന്റെ മേലേക്കിടയിൽ ഉള്ള വ്യക്തികളുടെ കുട്ടികൾക്കു മാത്രമേ പഠിക്കുവാൻ സൗകര്യം കിട്ടുന്നുള്ളു എന്നുള്ളതു ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഈ മോഡൽ സ്കൂൾ സമ്പ്രദായം സമുദായത്തിൽ രണ്ടു തരം പൗരൻമാരെ സൃഷ്ടിക്കുവാൻ കാരണമാകുന്നു എന്നുള്ളതു ശരിയാണോ;

(ഡി) അങ്ങനെയാണെങ്കിൽ ഈ മോഡൽ സ്കൂൾ സമ്പ്രദായം അവസാനിപ്പിക്കാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ; അതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അഞ്ച്.

തിരുവനന്തപുരം . 1

തൃശ്ശൂർ . 2

കോഴിക്കോട് . 1

തലശ്ശേരി . 1

(ബി) ഇല്ല.

(സി, ഡി) മുൻ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

മലപ്പുറം ജില്ലയിൽ പുതിയ കോളേജുകൾ

704 [1027] ശ്രീ. എം. പി. എം. അബ്ദുള്ള കുരിക്കൾ: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

പിന്നോക്ക പ്രദേശമായ മലപ്പുറം ജില്ലയിൽ പുതിയ കോളേജ് അനുവദിക്കുമോ?

ഉത്തരം

1979-80-ൽ പുതുതായി കോളേജ് അനുവദിക്കുന്നത് സംബന്ധിച്ച് ഗവൺമെന്റ് തീരുമാനമൊന്നും എടുത്തിട്ടില്ല.

കാർ വാങ്ങാനുള്ള വായ്പാ പദ്ധതി

705 [1029] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർ വാങ്ങാനുള്ള വായ്പാ പദ്ധതി അനുസരിച്ച് 1978-79ൽ സ്റ്റേറ്റിൽ എത്ര പേർക്ക് വായ്പ അനുവദിച്ചു;

(ബി) വായ്പ അനുവദിക്കുന്നതിനുള്ള മാനദണ്ഡം എന്താണ്;

(സി) വായ്പ ലഭിച്ചവരിൽ എത്ര പേർ ഹരിജനങ്ങളാണെന്ന് വ്യക്തമാക്കാമോ;

(ഡി) വായ്പ എത്ര തവണകളായിട്ടാണ് തിരിച്ചടയ്ക്കേണ്ടത്;

(ഇ) എത്ര ശതമാനമാണ് പലിശ ഈടാക്കുന്നത്;

(എഫ്) വായ്പ അനുവദിക്കുന്ന കാര്യത്തിൽ ഹരിജനങ്ങൾക്ക് എന്തെങ്കിലും പ്രത്യേകാനുകൂല്യം നൽകുന്നുണ്ടോ?

ഉത്തരം

(എ) കാർ വാങ്ങാനുള്ള വായ്പാ പദ്ധതി അനുസരിച്ച് 1978-79-ൽ ഇതുവരെ സ്റ്റേറ്റിൽ 68 പേർക്ക് വായ്പ അനുവദിച്ചു.

LIBRARY ARCHIVES Kerala Legislative Assembly